# ഇടശ്ശേരിക്കവിതയിലെ കാർഷികസംസ്കാരം

ഡോ. കെ.പി. മോഹനൻ

തന്റെ കവിത അറിയപ്പെടുന്ന തന്റെ ജീവിതം തന്നെയാണെന്നും, ഒരു കവി ജീവിച്ചിരുന്നു എന്ന തിനർഥം അയാൾ സ്വന്തമായി പ്രപഞ്ചങ്ങൾ സൃഷ്ടിച്ചു കൊണ്ടേയിരിക്കുന്നു എന്നതാണെന്നും ആത്മാർഥമായി വിശ്വസിച്ച എഴുത്തുകാരനായിരുന്നു ഇടശ്ശേരി ഗോവിന്ദൻനായർ. 1930-കളുടെ തുടക്കത്തിൽ പൊന്നാനി എന്ന ഉൾനാടൻ ഗ്രാമത്തിൽ ജീവിതമാരംഭിച്ച ഇടശ്ശേരിയെ സംബന്ധി ച്ചിടത്തോളം ജീവിതത്തിന്റെ നിമ്നോന്നതങ്ങളിലൂടെയുള്ള ഒരു പരുക്കൻ പ്രയാണമായിരുന്നു തുടക്കംതൊട്ട് ഒടുവിലോളം. പൊന്നാനിയെന്ന ആ ഉൾനാടൻ ഗ്രാമത്തിലിരുന്ന്, എല്ലാ വലിയ കവി കളെയുംപോലെ, ആഭിജാത്യങ്ങൾക്കും പരമ്പരാഗതവിശ്വാസങ്ങൾക്കും രുചിക്കാത്ത നിരവധി ചോദ്യങ്ങൾ തന്റെ കവിതകളിലൂടെ അദ്ദേഹം ഉന്നയിച്ചു. ദുഃഖത്തിനു കാരണമന്വേഷിച്ചു പോ യി ആദ്യസത്യങ്ങളിൽ എത്തിച്ചേർന്ന ബുദ്ധനെ അനുസ്മരിപ്പിക്കുമാറ് ജീവിതത്തോടുള്ള തന്റെ കാഴ്ചപ്പാടിനെക്കുറിച്ച് ഇടശ്ശേരി ഇങ്ങനെ എഴുതി:

"ജീവിതത്തിന്റെ ആകെത്തുക ദുഃഖമാണ്. ദുഃഖവിശേഷണമായിട്ടേ സുഖം നിൽക്കുന്നുള്ളൂ. പൊരിവെയിലത്ത് നടക്കുക എന്നതാണ് സത്യം. യാത്രാമധ്യത്തിൽ ചോലയിൽനിന്ന് നുകരുന്ന ജലത്തിന്റെ കുളിർമയും സ്വാദും ആ സത്യത്തിന്റെ വിശേഷണങ്ങൾ മാത്രം. യാത്രാവസാനത്തിൽ നാം വിവേകപൂർവം പറയുന്നു, ആ ചോലവെള്ളത്തിന് അത്ര തണുപ്പും രുചിയും തോന്നുമാറ്, പൊള്ളുന്ന വെയിലത്തെ നടത്തം ക്രൂരമായിരുന്നു എന്ന്." (ഇടശ്ശേരിയുടെ പ്രബന്ധങ്ങൾ, പു റം: 3)

പൊതുവെ ആഖ്യാനാത്മകങ്ങളായ ഇടശ്ശേരിക്കവിതകളിൽ ഒരു കീഴാളജനതയുടെ സംസ്കാ രമാണ് പ്രതിഫലിക്കുന്നത്. സ്വന്തം പണിപ്പുരയെ നാട്ടിൻപുറത്തുകാരനായ കരുവാന്റെ ആലയോ ട് താരതമ്യപ്പെടുത്തുന്ന ഇടശ്ശേരി (എന്റെ പണിപ്പുര എന്ന ലേഖനം) തന്റെ കവിതകളിലുടനീളം ഒരു നാടൻകൃഷിക്കാരന്റെ പദാവലികളും, ശൈലികളും, ബിംബകൽപ്പനകളുമാണ് സ്വീകരിക്കു ന്നത്. താൻ കരിമ്പുനട്ടു വളർത്തുന്ന ഒരു കൃഷിക്കാരനാണെന്നും, തന്റെ കരിമ്പിൻതണ്ടുകൾ അധ്വാ നിക്കുന്ന ജനവിഭാഗങ്ങൾക്ക് മാധുര്യമുണർത്താനാണ് പ്രധാനമായും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെ ന്നും, എന്നാലും ആനന്ദമാത്രവാദിയായ ഒരു വിദഗ്ധ ആസ്വാദകന് പാകത്തിൽ നാലഞ്ചു പൂങ്കു ലകളെങ്കിലും ആ കരിമ്പിൻതോട്ടത്തിൽ സംഭൃതശോഭയോടെ ബാക്കിനിൽക്കുമെന്നും ഇടശ്ശേരി പ്രസ്താവിക്കുന്നുണ്ട്. (ഇടശ്ശേരി 1988 പുറം: 354–356). കീഴാളജനതയോടും കർഷകജനതയോടും ബന്ധപ്പെടുത്തി അവർ ജീവിതദുഃഖങ്ങളെ നേരിടുന്ന രീതി വിവരിക്കാനാണ് ഇടശ്ശേരിക്ക് താൽ പ്പര്യം. "ഒരാശയം ജന്മമെടുക്കുന്നതോടെയാണ് ഒരു കാവ്യരൂപം സംജാതമാകുന്നത്" എന്നതു വിശ്വസിച്ച ഇടശ്ശേരിക്ക് ആശയങ്ങൾ എപ്പോഴും ജീവിതം മുന്നിലുയർത്തുന്ന ചില ചോദ്യങ്ങളു ടെ രൂപത്തിലാണ് മനസ്സിൽ വന്നു വീണത്. അത്തരം ചോദ്യങ്ങളിൽ ഏററവും പ്രധാനം "ആരു വിതയ്ക്കുന്നു ആരു കൊയ്യുന്നു" എന്നുതന്നെ. വിതച്ചവൻ കൊയ്യും എന്ന വിശ്വാസത്തിനനുസ രിച്ചല്ലല്ലോ ചുററുപാടുകളിൽ കാര്യങ്ങൾ നടക്കുന്നത്. ഈ വലിയ രണ്ടു ചോദ്യങ്ങളുടെ നടുവി ലാണ് ഒരു കോമന്റെയും കുടുംബത്തിന്റെയും ജീവിതം ഇടശ്ശേരി നെയ്തെടുത്തത്. ആഖ്യാനാ ത്മകകവിതകളിലെല്ലാം എളിയവരിലും എളിയ കഥാപാത്രങ്ങളിൽ ഇടശ്ശേരി തന്റെ ആത്മാംശം സന്നിവേശിപ്പിച്ചു. 'ബിംബിസാരന്റെ ഇടയൻ' എന്ന കവിതയിൽ എന്നതുപോലെ ആഴവും ആന്ത രികാർഥങ്ങളും അറിഞ്ഞുകൊണ്ടല്ലെങ്കിലും ജീവിതം ഉയർത്തുന്ന ഗൗരവപൂർണമായ സമസ്യ കളെ ഒരു കൃഷിവലസഹജമായ ധൈര്യത്തോടും നർമത്തോടും കൂടിയാണ് ഇടശ്ശേരി നേരിട്ടത്. നിലപാടുകളിലും നിരീക്ഷണങ്ങളിലും ആവിഷ്കരണങ്ങളിലും ഇടശ്ശേരി പുലർത്തിയ ഈ സവി ശേഷസമീപനരീതിയാണ് 'കരുത്തുററ പരുക്കൻ ശൈലി' എന്നും മററുമുള്ള വിശേഷണങ്ങളു ടെ അടിസ്ഥാനം. കർഷകനു മാത്രം ചേർന്ന രീതിയിൽ പൊരുതി നേടുന്ന വിജയങ്ങൾക്കേ സൗ ന്ദര്യമുള്ളൂ എന്ന് തന്റെ കർമസിദ്ധാന്തത്തിന്റെ പൊരുൾ ഇടശ്ശേരി വ്യക്തമാക്കിയിട്ടുണ്ട്. 'ഒരിററു നിണവും വീഴാതഴകോടൊഴിഞ്ഞു കിട്ടും വിജയ'ങ്ങളെ ഇടശ്ശേരി ഇഷ്ടപ്പെട്ടില്ല. ജീവിതത്തിലത്ര യും, പൊരുതാൻ വേണ്ടിടത്തോളം പ്രാരാബ്ധങ്ങൾ ഇടശ്ശേരിക്ക് ഉണ്ടായിരുന്നുതാനും. കയ്പേ റിയ തന്റെ ജീവിതം ആവിഷ്കരിക്കാൻ വേണ്ടതിലധികം അനുഭവങ്ങൾ അദ്ദേഹത്തിന് നൽകി യെങ്കിലും, കാവ്യരചനയിലേർപ്പെടുന്നതിന് പലപ്പോഴും പ്രതിബന്ധമായി നിൽക്കുകയും ചെയ്തു. "ജീവിതവൃത്തിയുടെ പല്ലൻചക്രങ്ങൾ മാംസത്തിൽ ആണ്ടിറങ്ങിക്കൊണ്ട് മുൻപോട്ടു തിരിയു മ്പോൾ, ഏറെനേരം ധ്യാനനിരതനായിരിക്കാൻ വയ്യ. ദിവ്യതേജസ്സിനെ സാക്ഷാൽക്കരിക്കാൻ ഉൾ ത്തടം നിശ്ചലമാക്കുന്ന വഴിക്കുളത്തിന് വിഴുപ്പുകെട്ടുമായി വരുന്ന അലക്കുകാരനെ വിലക്കാൻ

അധികാരമില്ല" എന്ന് കാവ്യജീവിതത്തിന് പോറലേൽപ്പിക്കുന്ന പരുക്കൻ ജീവിതത്തിന്റെ ആലശീലകളെ ഇടശ്ശേരി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. പ്രബന്ധങ്ങളിൽ അവതരിപ്പിക്കുന്ന ഇതേ ആശയം തന്നെ 'വഴിക്കുളം' എന്ന മററൊരു കവിതയിൽ അദ്ദേഹം ആവർത്തിക്കുന്നുണ്ട്. കാവ്യഭാവനയുടെ ദർപ്പണം ബാഹ്യയാഥാർഥ്യങ്ങളുടെ കല്ലേറുകൊണ്ട് പൊട്ടിപ്പോകുക എന്നത് ഒരു അനിവാര്യതയാണെന്ന് കരുതിയ കവിയായിരുന്നു ഇടശ്ശേരി.

1929-ൽ ലോകത്തെ ആസകലം ഗ്രസിച്ച സാമ്പത്തിക പ്രതിസന്ധി, ലോകത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്ന സ്വാതന്ത്ര്യസമരപ്പോരാട്ടങ്ങൾ, ഫാസിസ്റ്റ് പോരാട്ടങ്ങൾ, എഴുത്തുകാരന്റെയും കലാകാരന്റെയും സാമൂഹ്യ പ്രതിബദ്ധതയെക്കുറിച്ച് ഉയർന്നു വന്ന പുതിയ സിദ്ധാന്തങ്ങൾ എന്നിവക്കെല്ലാം നടുവിൽ 1930-കളിലാണ് ഗൗരവപൂർണമായ കവിതാരചനയിൽ ഇടശ്ശേരി ഏർപ്പെടുന്നത്. 1936-ലെ ലക്നൗ എ.ഐ.സി.സി. സമ്മേളനത്തിൽവെച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അനുഗ്രഹാശിസ്സുകളോടെ അഖിലേന്ത്യാ കിസാൻ സഭ എന്ന പേരിൽ കൃഷിക്കാർക്കും, ജീവൽ സാഹിത്യ സംഘടന എന്ന പേരിൽ എഴുത്തുകാർക്കും അഖിലേന്ത്യാടിസ്ഥാനത്തിൽ ഓരോ പുതിയ സംഘടനകൾ ഉണ്ടായി. തൊഴിലാളികളുടെയും കൃഷിക്കാരുടെയും മററ് അവശജനവിഭാഗങ്ങളുടെയും മനസ്സുകളിൽ രൂപംകൊണ്ട അതൃപ്തികളെയും പ്രതിഷേധങ്ങളെയും കോൺഗ്രസ്സ് പ്രസ്ഥാനവുമായി കണ്ണിചേർക്കാൻ ഗാന്ധിജിയുടെ നേതൃത്വത്തിന് കഴിഞ്ഞു. ഇന്ത്യയിലെ എല്ലാത്തരം സമരവീര്യങ്ങളും സാമ്രാജ്യത്വവിരുദ്ധമുന്നേററം എന്ന ഒരു ബിന്ദുവിൽ കേന്ദ്രീകരിച്ച പശ്ചാത്തലത്തിലാണ് ഇടശ്ശേരി കാവ്യരചന ആരംഭിക്കുന്നത്. ഈ കാലാവസ്ഥ വളർത്തിയെടുത്ത മനോഭാവങ്ങളിൽനിന്നാണ് കൂട്ടുകൃഷിയും, പുത്തൻകലവും അരിവാളും, കുടിയിറക്കലുമെല്ലാം പിറവികൊള്ളുന്നത്.

"കേവല മനുഷ്യന്റെ തീവ്രമായ അന്തർമുഖതയിലെന്നതിലേറെ സാമൂഹ്യ മനുഷ്യന്റെ ബന്ധവൈചിത്ര്യങ്ങളിൽ അഭിരമിക്കുന്ന കവിതകളാണ് ഇടശ്ശേരിയുടേത്" എന്ന ഒരു നിരീക്ഷണമുണ്ട് (എം. പി. ശങ്കുണ്ണി നായർ 1986) ഈ പ്രസ്താവന വ്യക്തമാക്കുന്നത് സമൂഹാഭിമുഖമായ ഇടശ്ശേരിക്കവിതകളിൽ ഒരു നിമഗ്നജനതയും (submerged population) നിമഗ്നസംസ്കാരവും (submerged culture) ഉണ്ട് എന്നാണ്. ഒരു ജീവിതരീതിയായും സംസ്കാരമായും ഇടശ്ശേരിക്കവിതകളിൽ പ്രത്യക്ഷപ്പെടുന്ന ആ നിമഗ്നസംസ്കാരം അടിസ്ഥാനപരമായി കാർഷികം (Agrarian) ആകുന്നു. കേരളത്തിലെ കർഷകസമൂഹത്തിന്റെ ജീവിതരീതികൾ, സങ്കീർണവും, എന്നാൽ ഔപചാരികവുമായ സാമൂഹ്യഘടന, വ്യക്തിപരമായ പെരുമാററരീതികളും മനോഭാവങ്ങളും, ലളിതമായ കാർഷികോപകരണങ്ങൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ, അനുഷ്ഠാനങ്ങൾ, വാമൊഴിവഴക്കങ്ങൾ എന്നിവയെല്ലാം ചേർന്ന് രൂപപ്പെടുന്ന ഒരു കാർഷിക സംസ്കൃതിയാണ് ഇടശ്ശേരിക്കവിതകൾക്ക് ജ്വലനശേഷിയും ചലനശേഷിയും നൽകുന്നത്. തങ്ങളുടെ കൃഷിഭൂമികളിൽനിന്നും, ഉൽപ്പാദനോപകരണങ്ങളിൽനിന്നും ക്രമേണ അന്യരായിക്കൊണ്ടിരിക്കുന്ന തൊഴിലാളി കർഷക ജനവിഭാഗങ്ങളുടെ ദുഃഖങ്ങളും ചെറുത്തുനിൽപ്പുകളുമാണ് ഇടശ്ശേരി തന്റെ കവിതകളിൽ ചിത്രീകരിച്ചത്. 'പുത്തൻകലവും അരിവാളും', 'പണിമുടക്കം', 'കുടിയിറക്കൽ', 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ', 'ബുദ്ധനും ഞാനും നരിയും' എന്നിങ്ങനെ ഈ പ്രശ്നങ്ങൾ പ്രത്യക്ഷമായി കാണുന്ന കവിതകൾ മാത്രമല്ല, ആന്തരികഘടനയിൽ ഇതേ പ്രശ്നങ്ങൾതന്നെ അനാവരണം ചെയ്യുന്ന 'പൂതപ്പാട്ട്', 'കാവിലെപ്പാട്ട്' തുടങ്ങിയ കവിതകളും ഇടശ്ശേരി രചിച്ചിട്ടുള്ളത് ഈ ലക്ഷ്യത്തോടുകൂടിയാണ്.

ഇടശ്ശേരിയുടെ പല കവിതകളിലും മുഖം കാണിക്കുന്ന ദ്വന്ദ്വശിൽപ്പത്തെക്കുറിച്ചും ജീവിതത്തിലെ സാമ്യവൈഷമ്യങ്ങളിൽനിന്നും ദശാവിപര്യയങ്ങളിൽനിന്നും ജനിക്കുന്ന ഭാവസംഘർഷങ്ങളെക്കുറിച്ചും എം.പി. ശങ്കുണ്ണിനായർ നിരീക്ഷിച്ചിട്ടുണ്ട്. ഏതെല്ലാം ദ്വന്ദ്വങ്ങളാണ് ഇടശ്ശേരിക്കവിതകളിൽ പ്രവർത്തിക്കുന്നത് എന്നദ്ദേഹം വിശദീകരിക്കുന്നില്ലെങ്കിലും ഒരു പൊതുവിശകലനത്തിൽ താഴെപ്പറയുന്ന ദ്വന്ദ്വങ്ങളുടെ പ്രവർത്തനം ആ കവിതകളിൽ ദൃശ്യമാകുന്നു.

1. ഗ്രാമവും നഗരവും
2. വ്യക്തിയും സമൂഹവും
3. എഴുത്തുകാരന്റെ യുക്തിവിധുരമായ സ്വപ്നലോകവും യുക്തിഭദ്രമെന്ന് അഭിമാനിക്കുന്ന അക്ഷരലോകവും
4. കൃഷീവലസമൂഹവും കുലീനസമൂഹവും
5. പഴയ തലമുറയും പുതിയ തലമുറയും
6. ഗ്രാമകേന്ദ്രിത ഉൽപാദനവിപണനവും യന്ത്രവൽകൃത ഉൽപാദനവിപണനവും
7. അന്യോന്യവിരുദ്ധമാകാൻ പാടില്ലാത്തതാണെങ്കിലും ഇന്ന് ഏറെക്കുറെ വിരുദ്ധമായിക്കഴിഞ്ഞിട്ടുള്ള പരിസ്ഥിതിയും വികസനവും
8. ഹിംസയും അഹിംസയും

ഇത്തരം ദ്വന്ദ്വങ്ങൾ തമ്മിലുള്ള കരണപ്രതികരണങ്ങളിൽ നിന്നാണ് ഇടശ്ശേരിക്കവിതകളിലെ നി

മഗനകർഷക സംസ്കാരം മുന്നോട്ടുപോകാനുള്ള ഊർജം കൈവരിക്കുന്നത്. ഈ ദ്വന്ദ്വങ്ങളെ വിശകലനം ചെയ്യുമ്പോൾ ആ കർഷകസംസ്കാരത്തിന്റെ ചിത്രം പൂർണമാകും.

ഗ്രാമീണസംസ്കാരത്തെ സ്നേഹിക്കുകയും വ്യവസായവൽകരണത്തെയും അതിന്റെ സ്വാഭാവികപരിണാമമായ നാഗരികസംസ്കൃതിയെയും വെറുക്കുകയും ചെയ്യുക എന്നത് മിക്ക കവികളുടെയും പ്രകൃതമാണ്. എന്നാൽ, ഗ്രാമീണജീവിതം മാത്രം തങ്ങളുടെ കവിതകളിലേക്ക് പകർത്തിയ പി. കുഞ്ഞിരാമൻനായരിലും ഇടശ്ശേരിയിലും ഈ പ്രത്യേകത കൂടുതൽ പ്രകടമാകുന്നു. ജീവിതവൃത്തിക്കായി ഇടശ്ശേരി സ്വീകരിച്ച തൊഴിൽ കുടിയിറക്ക്, വിളജപ്തി, അതിർത്തിത്തർക്കങ്ങൾ, അവകാശത്തർക്കങ്ങൾ, മദ്യമാരണങ്ങൾ, പട്ടിണിക്കൂത്താട്ടങ്ങൾ, തൊഴിലില്ലായ്മ എന്നിങ്ങനെ മനുഷ്യജീവിതത്തിന്റെ നിരവധി വേദനിക്കുന്ന പ്രശ്നങ്ങളോട് നേരിട്ട് ബന്ധപ്പെടാൻ കഴിയുന്ന ഒന്നായിരുന്നു. ജീവിതത്തോടും കവിതയോടും ഒരേസമയം പുലർത്തേണ്ടിവന്ന ആത്മാർഥതയുടെ ആന്തരികസംഘർഷമാണ് “വിഴിപ്പു ഭാണ്ഡവുമായി വരുന്ന അലക്കുകാരനെ തടയാൻ, സൂര്യതേജസ്സിനെ സാക്ഷാൽക്കരിക്കാൻ വെമ്പുന്ന വഴിക്കുളത്തിന് അവകാശമില്ല” എന്ന മുന്നുദ്ധരിച്ച പ്രസ്താവനയിലുള്ളത്. ഒരു കൃഷീവല സമൂഹത്തിന്റെ സ്വഭാവമായി കാൾമാർക്സ് ചൂണ്ടിക്കാണിക്കുന്ന സ്വയം പൂർണമായ ലോകം തന്നെയാണ് ഇടശ്ശേരിക്കവിതകളിലെ ഗ്രാമം. വിരിപ്പും മുണ്ടകനും അപൂർവം ചിലേടത്ത് പുഞ്ചയുമായി രണ്ടോ മൂന്നോ പുകിൽ വിളവെടുക്കുന്ന കാർഷികവൃത്തി, ഭാരതപ്പുഴയുടെ തീരത്തു നട്ടുവളർത്തുന്ന കായ്കറിവിളകൾ (ഹോട്ടൽക്കാരികൾ എന്ന കവിത 1988 പുറം: 796–98), കൃഷിയോടു മാത്രം ബന്ധപ്പെട്ട കൈത്തൊഴിലുകൾ (നെല്ലുകുത്ത്, കളപറിക്കൽ, കട്ടതല്ലൽ എന്നിങ്ങനെ) വസ്ത്രത്തിനു വേണ്ട നെയ്ത്ത്, നൂൽപ്പ് എന്നിവ, അതീവലളിതമായ ഗതാഗതസംവിധാനങ്ങൾ എന്നിങ്ങനെ മിച്ചമൂല്യം വളരെക്കുറച്ച് മാത്രം ഉൽപ്പാദിപ്പിക്കപ്പെടുന്നതും, ഹൃദ്യവും ലളിതവുമായ വൈകാരിക ബന്ധത്തിൽ ഊന്നുന്നതുമായ ഒരു തൊഴിൽസംസ്കാരമാണ് നാം ഇടശ്ശേരിക്കവിതകളിൽ പൊതുവെ കാണുന്നത്. ഇടശ്ശേരിക്കവിതകളിൽ പരാമർശിക്കപ്പെടുന്ന ഉൽപാദനോപകരണങ്ങളും കാർഷികസംസ്കാരത്തോടു ബന്ധപ്പെട്ടതാണ്. കരി, കൊഴു, കലപ്പ, കൈക്കോട്ട് മുടിങ്കോല്, എരുതുകൾ, മടവാൾ, ഏത്തം, ചർക്ക, കാളവണ്ടി, ഊടുംപാവും ചേർന്ന കൈത്തറി, കരുവാന്റെ ആല എന്നിങ്ങനെ ലളിതമായ ഉൽപാദനോപകരണങ്ങളും ഒരു ചെറിയ കുടുംബത്തിന്റെ അധ്വാനവും ചേരുന്നതാണ് ഇടശ്ശേരിക്കവിതകളിലെ സമ്പദ്ഘടന. ഈ സമ്പദ്ഘടനയിൽ ജീവിതത്തെക്കുറിച്ചുള്ള പ്രത്യാശയും വളരെ ലളിതമാണ്.

‘അടുപ്പിൽ മൂവുരു തെളിത്തീനാളങ്ങൾ
തുടുപ്പോമൽക്കുഞ്ഞിനിളം കവിൾത്തട്ടിൽ
കുടുംബിനിക്കൊരു കുളിർ പൂപ്പുഞ്ചിരി
കുടിലുകൾക്കാകെ കുലീനതാബോധം’
(ഋഷിയുടെ ധേനു)

ഇതാണ് ഇടശ്ശേരിക്കവിതകളിലെ ഗാന്ധിയൻസ്വാധീനം എന്നും പറയാവുന്നത്. ഇടശ്ശേരിക്കവിതകളിലെ മൊത്തം കളികൾ, കാർഷിക സംസ്കൃതിയോടനുബന്ധപ്പെട്ടതാണ്.

1. തായംകളി-പകിടകളി
‘മകനുണ്ടായ പെരുപ്പത്തിന്മേൽ നമ്മുടെ ചൂതുകൾ ചുട്ടു
തായംതൊട്ടു തുടങ്ങണമിനി നാം, കരുതിരിയാതായ്കാലം’
(മകന്റെ വാശി)
2. പൂത്താങ്കോൽ
‘പൂഴിമണലിതിൽ പണ്ടിരുന്ന്
പൂത്താങ്കോലേറെ കളിച്ചതല്ലേ’
(കുററിപ്പുറം പാലം)
3. പൂത്താങ്കീരി, കോത്താർ കെട്ടിയടിക്കൽ
‘പൂത്താങ്കീരി മടുപ്പനായ് തോന്നീ
കോന്നാർകെട്ടി നാം ഓടിയടിച്ചു’
(വീണ്ടും ഓണം)
4. കൊത്താങ്കല്ല്
‘അവിടെക്കിടപ്പുണ്ടെന്നായിരം പ്രതീക്ഷകൾ
അവയിലൊന്നും കൂടെ കൊത്താങ്കല്ലാടട്ടെ ഞാൻ’
(രാധയും സുധാകരനും)
5. താലീപീലി
‘പൊന്നഴിമണലിതിൽ നിന്നിട്ട് കേരളമാം
കന്യയ്ക്കായ് താലീപീലി കളിച്ചിട്ടുണ്ടാം’
(ഭൂമിയുടെ അററത്തേക്ക്)

ഇത്തരം കളികൾക്കു പുറമെ ഇടശ്ശേരിക്കവിതാലോകത്തിലെ മരുന്നുകൾ ആസവങ്ങളും കഷായങ്ങളുമാണ്.

'പുതുമഴ ചിന്നിയ പനിപെട്ട കുഞ്ഞിന്
ഒരരിയാറും വാങ്ങിക്കൊടുത്തീല'
(പുത്തൻകലവും അരിവാളും)

(അരിയാറ് കഷായം ആയുർവേദത്തിലെ ബാലചികിത്സയുടെ ഭാഗമാണ്). മൂക്കുത്തി, പൊൻ ഞാത്ത്, കുടക്കടുക്കൻ, കിങ്ങിണി, ചാന്ത്, സിന്ദൂരം തുടങ്ങിയ അലങ്കാരവസ്തുക്കളും, കൈതപ്പൂ, മട്ടിപ്പശ തുടങ്ങിയ സുഗന്ധദ്രവ്യങ്ങലും ഈ കാർഷിക സംസ്കൃതിയുടെ ഭാഗം തന്നെ (കറുത്തചെട്ടിച്ചികൾ എന്ന കവിത നോക്കുക) - ഇടശ്ശേരിയുടെ കാവ്യലോകത്തിലെ പ്രധാന എഴുത്തുപകരണം എഴുത്താണി തന്നെ.

ഒരു കാർഷികസമൂഹത്തിന്റെ സ്വഭാവങ്ങളായി തിയോഡോർ ഷാനിൻ ചൂണ്ടിക്കാണിക്കുന്ന ചില പ്രത്യേകതകൾ ഉണ്ട്. (Shanin Theodore-peasants and peasant societies- 1971).

യോഗാത്മകവും മന്ത്രവാദാത്മകവുമായ ചിന്താരീതികൾ (mystical and magical patterns of thoughts) പ്രചാരമാർജിച്ച ചില ഭൂതമോഹിനീ സങ്കല്പങ്ങൾ (popular demonology), സുദൃഢവും സൂക്ഷ്മാവിഷ്കാരക്ഷമവും ആയ ഭാഷാതന്ത്രങ്ങൾ (compact and highly expressive linguistic formulae), ജീവിതത്തിന്റെ പൊരുത്തക്കേടുകളിൽപ്പെട്ട് ഉഴലുമ്പോൾ നിർലേപത്വത്തിൽ നിന്നുളവാകുന്ന നർമ്മം എന്നിങ്ങനെ കാർഷികസമൂഹത്തിന്റെ പ്രത്യേകതകളായി ഷാനിൻ ചൂണ്ടിക്കാണിക്കുന്നവയെല്ലാം ഇടശ്ശേരിയുടെ കാവ്യലോകത്തിലും ഉണ്ട്. പൂതൻ, തിറ, വെളിച്ചപ്പാട്, കുരുതി, മന്ത്രവാദം, വേട്ടേക്കാരൻ പാട്ട്, നാവൂറ്പാടൽ തുടങ്ങി ഇടശ്ശേരിക്കവിതകളിൽ പ്രത്യക്ഷപ്പെടുന്ന ആചാരങ്ങളെല്ലാം യോഗമന്ത്രവാദാത്മക ചിന്തകളുമായി ബന്ധപ്പെട്ടു നിൽക്കുന്നു. പൂതപ്പാട്ടിലും കാവിലെപ്പാട്ടിലും ഈ അന്തരീക്ഷം സജീവമാണ്. ഇടശ്ശേരിക്കവിതയെക്കുറിച്ചു പറയുമ്പോൾ എം.പി. ശങ്കുണ്ണിനായർ ചൂണ്ടിക്കാണിക്കുന്ന "സമചിത്തനായ ശക്തന്റെ ലക്ഷണമാണ് നർമം" എന്ന പ്രസ്താവന നേരത്തെ ഷാനിൻ പറഞ്ഞതുതന്നെ.

'ദൈവം കുഴങ്ങുമ്പോൾ നമ്മൾ
ചിരിക്കുക ചിരിക്കുക'
(വരദാനം)

എന്ന് ഇടശ്ശേരി തന്നെ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.

'അരിയില്ല തിരിയില്ല ദുരിതമാണെന്നാലും
നരിതിന്നാൽ നന്നോ മനുഷ്യന്മാരെ'
(ബുദ്ധനും ഞാനും നരിയും)

എന്ന വരികളിലെ ന്യൂനോക്തിയും,

'നരികണ്ടോനേറിയാൽ നായാട്ടു നായ്ക്കളെ
ശ്ശരി ഞാനോ വാറണ്ടുശിപായ്മാരേ'
(ബുദ്ധനും ഞാനും നരിയും)

എന്ന പ്രസ്താവനയും

'ഉപദേശത്തെ ശ്രദ്ധാപൂർവമേ കൈക്കൊൾവുനാം
അപഥങ്ങളിൽ വീഴും അന്യർക്കായ് സമ്മാനിപ്പാൻ'
(താങ്കളുടെ ഉപദേശം)

എന്നിടത്തെ വിപരീതലക്ഷണയും

'സ്വാതന്ത്ര്യം വിദേശിയിൽ നിന്നേകീ സാക്ഷാൽ മഹാത്മ
സ്വാതന്ത്ര്യം ഭയത്തിൽ നിന്നു ജവഹറിലാൽ
സ്വാതന്ത്ര്യം ലോഭത്തിൽ നിന്ന് നമുക്കു തന്നില്ലൊരാളും
സ്വാതന്ത്ര്യം ലജ്ജയിൽനിന്നു നാം തന്നെ നേടി'
(ഇന്നത്തെ ചിന്താവിഷയം)

എന്നിടത്തെ ഉദാത്തതയെയും നിന്ദ്യതയെയും (sublime and ridiculous) ചേർത്തുവെക്കലും നിർല്ലേപത്വത്തിൽ നിന്നുളവാകുന്ന നർമത്തിന്റെ ലക്ഷണമാണ്. കാർഷിക സംസ്കാരത്തിന്റെ മറ്റൊരു ചിഹ്നം ഭൂമിയുമായുള്ള വല്ലാത്ത ഒരു വൈകാരിക താദാത്മ്യമാണ്. കുടിയിറക്കൽ എന്ന കവിതയിൽ ഈ താദാത്മ്യം (Empathy) പ്രകടമാണ്.

'പ്രിയതരം ഞങ്ങൾക്കാപുരയിടം, സ്വർഗവും
പകരം കൊടുക്കാമതിന്നുവേണ്ടി
അവിടെ ജനിച്ചു ഞാൻ, അവിടെ വളർന്നു ഞാൻ
അവിടെക്കിടന്നു ഞാൻ മൃതിമോഹിപ്പു

അവിടെക്കിടപ്പുണ്ടേ ശാശ്വതനിദ്രയി-
ലടയും മിഴിയോടുമെൻ പിതാക്കൾ'

'കുടിയിറക്കപ്പെടും കൂട്ടരേ പറയുവിൻ
പറയുവിൻ ഏതു രാഷ്ട്രക്കാർ നിങ്ങൾ
പ്രസവിച്ചതിന്ത്യയായ്, പ്രസവിച്ചതിംഗ്ലണ്ടായ്
പ്രസവിച്ചതാഫ്രിക്കൻ വൻകരയായ്
അതിലെന്തുണ്ടാർക്കാനും, ഉടമയില്ലാത്ത ഭൂ-
പടമേലും പാഴ്വരയ്ക്കർഥമുണ്ടോ?
എവിടെവിടങ്ങളിൽച്ചട്ടി പുറത്തെടു-
ത്തെറിയപ്പെടുന്നുണ്ടിപ്പാരിടത്തിൽ
അവിടവിടങ്ങളെച്ചേർത്തുവരയ്ക്കുകൊ-
ന്നിവരുടെ രാഷ്ട്രത്തിന്നതിർ വരകൾ'
(കുടിയിറക്കൽ)

എന്ന് ഭൂമിയുമായുള്ള കർഷകന്റെ വൈകാരികതാദാത്മ്യത്തിന് ഒരു സാർവലൗകികമാനം ഇടശ്ശേരി കണ്ടെത്തുകയും ചെയ്യുന്നുണ്ട്. ഈ കാർഷികഗ്രാമങ്ങളുടെ സംസ്കാരങ്ങളെ ആദേശം ചെയ്തുകൊണ്ട് കടന്നുവരുന്ന നാഗരിക സംസ്കൃതിയെക്കുറിച്ചുള്ള ഉൽക്കണ്ഠകൾ കുററിപ്പുറംപാലം, ഒന്നുറങ്ങാൻ എന്നിങ്ങനെ നിരവധി കവിതകളിൽ ഇടശ്ശേരി പങ്കുവെക്കുന്നുണ്ട്. മനുഷ്യർക്കിടയിൽ വരമ്പുകൾ ഉയരുന്നതിനെ ഇടശ്ശേരി ഒരിക്കലും അംഗീകരിച്ചില്ല. മനുഷ്യർക്ക് നൈസർഗികവികാരങ്ങൾ (കരയാനും ചിരിക്കാനും കഴിയുക. എന്നാണ് ഇടശ്ശേരി പറയുക) നഷ്ടപ്പെടുന്നതിനെക്കുറിച്ചോർത്ത് അദ്ദേഹം വ്യാകുലപ്പെട്ടു.

1. 'കളിയും ചിരിയും കരച്ചിലുമായ്ക്കഴിയും നരനൊരു യന്ത്രമായാൽ
അംബപേരാറേ നീ മാറിപ്പോമോ ആകുലമായൊരഴുക്കുചാലായ്'
(കുററിപ്പുറം പാലം)
2. 'ഒരിക്കലും കൂടികരഞ്ഞിട്ടും പൊട്ടിച്ചിരിച്ചിട്ടും'
(ഒന്നുറങ്ങാൻ)
3. 'പോക പോയിക്കവിതകളെഴുതിക്കൂട്ടുക
നിനക്കാവുമല്ലോ ചിരിക്കാനും കരയാനും'
(ഒരധ്യക്ഷപ്രസംഗം)

നാഗരികത മനുഷ്യർക്കിടയിൽ വരമ്പുകൾ ഉയർത്തുന്നു. മുഖംമൂടി വെച്ച പെരുമാററങ്ങൾ സൃഷ്ടിക്കുന്നു. വിഭജനത്തിന്റെ പ്രതീകമായ വരമ്പുകളെയും ചുമരുകളെയും ഇടശ്ശേരി വെറുത്തു. "മനുഷ്യർ സ്വയം സൃഷ്ടിക്കുന്ന വരമ്പുകളാണ് കണ്ടങ്ങളിൽ നീരൊഴുക്കില്ലാതാക്കുന്നത്" എന്ന് കൂട്ടുകൃഷി എന്ന നാടകത്തിൽ അദ്ദേഹം എഴുതി.

'ഇവിടെ ചുമരുകളുയരുകയാ-
യിടയററിടവും വലവു,മെങ്ങും'

എന്ന് കുററിപ്പുറം പാലത്തിലും 'പ്രപഞ്ചമിന്നൊരു തറവാടായി വരമ്പുകൾ കാണാതായി' എന്ന് 'പഴകിയ ചാലുകൾ മാററുക' എന്ന കവിതയിലും നാഗരികസംസ്കൃതിയുടെ ദുഷിപ്പുകളെ കാർഷികസംസ്കൃതിയുടെ ചിഹ്നങ്ങൾകൊണ്ട് ചെറുക്കാനുള്ള ശ്രമം ഇടശ്ശേരി നടത്തുന്നത് കാണാം. വ്യക്തിയും സമൂഹവും തമ്മിലുള്ള സംഘർഷം തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ, നെല്ലുകുത്തുകാരി പാറുവിന്റെ കഥ തുടങ്ങിയ കവിതകളിൽ പ്രകടമാണ്.

'കൊത്തിവിഴുങ്ങി വിഴുങ്ങിത്തീർന്നു വ്യക്തികളെസ്സമുദായ-
പ്പുത്തൻ ഗരുഡ,നവന്നു ദഹിക്കാപ്പൂണൂലില്ലെന്നായി'

എന്ന് ഈ സംഘർഷം 'പഴകിയ ചാലുകൾ മാററുക' എന്ന കവിതയിൽ പ്രകടമാകുന്നതും കാണാം. യുക്തിവിധുരമായ സ്വപ്നലോകവും യുക്തിഭദ്രമായ അക്ഷരലോകവും തമ്മിലുള്ള സംഘർഷം 'പൂതപ്പാട്ട്', 'പള്ളിക്കൂടത്തിലേക്കു വീണ്ടും' എന്നീ കവിതകളിലും, പരിസ്ഥിതിയും വികസനവും തമ്മിലുള്ള വൈരുധ്യങ്ങൾ 'കുററിപ്പുറം പാലം' പോലുള്ള കവിതകളിലും ചിത്രീകരിക്കപ്പെടുന്നുണ്ട്. കൃഷീവലസമൂഹവും കുലീനസമൂഹവും തമ്മിലുള്ള സംഘർഷങ്ങൾ മിക്ക ഇടശ്ശേരിക്കവിതകളുടെയും അന്തർധാരയാണ്. ഇന്ത്യയിലെ കീഴാളവർഗദേശീയത ഉണരുന്നത് ബുദ്ധന്റെ കാലഘട്ടത്തോടുകൂടിയാണ് എന്നതുകൊണ്ടാകാം ബുദ്ധനോടു ബന്ധപ്പെട്ട ബിംബങ്ങൾ ഇടശ്ശേരിക്കവിതകളിൽ നിരന്തരം കടന്നു വരുന്നത്. ഇടശ്ശേരിക്കവിതകളിലെ നിമഗ്നസംസ്കാരം ഈ കീഴാളത്തനിമയുടെയും ഗ്രാമീണശാലീനതയുടെയും കാർഷികവൃത്തിയുടെയും സംസ്കാരമാണ്.

ഈ കാർഷികസംസ്കാരവും, ഗ്രാമീണത്തനിമകളും ഇടശ്ശേരിയുടെബിംബകൽപ്പനകളിലും കാവ്യഭാഷയിലും കൂടുതൽ പ്രകടമാണ്. കാർഷികസംസ്കാരത്തോടു ബന്ധപ്പെട്ട ബിംബങ്ങളെ പ്രത്യക്ഷമെന്നും പരോക്ഷമെന്നും രണ്ടായിക്കാണാം. ഉപമാരൂപകാദി സ്വാഭവത്തോടുകൂടിയ കേവലവാങ്മയചിത്രങ്ങളാണ് പ്രത്യക്ഷബിംബങ്ങൾ. ആദിപ്രരൂപങ്ങൾ, മാതൃബിംബങ്ങൾ, വിജ്ഞപിതാക്കന്മാരുടെ ബിംബങ്ങൾ, ഉർവരതാ കുംഭബിംബങ്ങൾ (Cornucopia Images) എന്നിങ്ങനെ പരോക്ഷകാർഷികബന്ധങ്ങൾക്ക് പല മാനങ്ങൾ ഉണ്ട്. പ്രത്യക്ഷബിംബങ്ങൾക്ക് ചില ഉദാഹരണങ്ങൾ.

1. 'ദൗർബല്യമാകും കളപറിച്ചും നശിപ്പിച്ചും മനുഷ്യജീവിതത്തെ
മുന്നോട്ടുപോകാൻ സഹായിക്കുന്ന വടക്കൻ പാട്ടുകൾ'
(ചന്തുവും ഒതേനനും)

2. 'നീലനഭസ്സാം വയലിൽനിന്ന് കതിർക്കററ കെട്ടിപ്പോകുന്ന ആദിത്യൻ'
(മദ്യമാരണം)

3. 'ലവകുശന്മാരുടെ ബാണങ്ങൾ കൊണ്ടുള്ള ബന്ധനമേററ് കൂററ
നായൊരു നെൽക്കററയുടെ കൂട്ടുകാരനായി നിൽക്കുന്ന ഹനുമാൻ'
(ലവണാസുരവധത്തിലെ ഹനുമാൻ)

4. 'ഇരവിലിരുന്ന് തുന്നിയുണ്ടാക്കിയ ശീമക്കൂവപ്പൂവൊത്ത കൈലേസ്'
(ആ കൈലേസ്)

5. 'കാമുകിയുടെ ചുണ്ടിലെ പുഞ്ചിരിയുടെ അർഥമറിയാതെ
അതാൺപൂവോ പെൺപൂവോ എന്ന് ഫലാഗമോൽക്കണ്ഠമായി
നിൽക്കുന്ന കാമുകൻ'
'പണ്ടുമീമട്ടുണ്ടൊന്നു വിരിയാൻ തന്നോമന-
ച്ചുണ്ടിലതാൺപൂവെന്നോ, വയ്യോതാൻ പെൺപൂവെന്നോ'
(പ്രോമോപഹാരങ്ങൾ)

6. 'അറിയാമിന്നെങ്ങൾക്ക് പുതുമനസ്സിൽ കരികീറി
ച്ചൊരിയും സുഗന്ധത്തിൻ ഗൂഢാർഥം'
(നാളത്തെപാട്ട്)

7. പുതുമുളകൾ പൊട്ടുന്നതിൽ എപ്പോഴും ആഹ്ലാദം കാണുന്ന ആളാണ് ഇടശ്ശേരി- പക്ഷേ, 'പണിമുടക്കം' എന്ന കവിതയിൽ പത്താമത്തെ കുഞ്ഞിനെയും കുഴിവെട്ടി മൂടി മൺകൂനയുടെമേൽ കൈക്കോട്ടുകൊണ്ട് അടിച്ചു നിവരുന്ന രാമൻ ആക്രോശിക്കുന്നത് ഇങ്ങനെയാണ്:
'പൊട്ടരുതൊററക്കൂമ്പും
കുടില ദുർമർത്യതേ, നിൻ കടയ്ക്കൽ!'
(പണിമുടക്കം)

8. 'ആയിരംമുളയുള്ള വിത്തല്ലോ കർമം' എന്ന് കർമത്തെക്കുറിച്ചുള്ള സങ്കൽപ്പം'
(ഊർച്ചയും വിത്തൂന്നലും)

9. 'കൺനിറയെ നോക്കിനിന്നാൻ പുതുവിത്തണിക്കേദാര-
മെന്നപോലെ മനോജ്ഞയാമവളെക്കൊല്ലൻ'
(കത്തിയും കൊഴുവും)

10. 'തേവിത്താണ കുളംപോൽ
ഏറെക്കലുഷിതമേ തൽകന്യാചരിതം'
(പെങ്ങൾ)

11. 'ചരിത്രത്തിൻ നീണ്ടോരുഴവുചാലുകൾ'
(മറെറാരു കന്യാദാനം)

12. 'അരുണിമ വിട്ടുനുകപ്പാടപ്പോൾ
പൊന്തിയിരുന്നു നേരം'
(മകന്റെ വാശി)

13. 'എരുതിനെ വിററും വളമിട്ടു ഞാൻ
തൈനെല്ലിനു പുളയ്ക്കാൻ
എന്നും സർക്കാർ ജീവനമാം വളർ
കതിരും കാത്തിഹവാണേൻ
എന്തേചാഴിപെടാനിന്നവനൊരു
പത്രാധിപരാണത്രേ'
(മകന്റെ വാശി)

14. 'കല്യൻ ദാമോദരനിന്നി–
ക്കല്യാണിയുമായ് ചേരുകയാൽ
കനവും വിനയവുമാർന്നോനായ്
കതിരു നിരന്ന നിലം പോലെ'
(അമ്മയും ഭാര്യയും)

15. 'തറവാട്ടിനു തുമ്പാം തയ്യലോ രണ്ടുംകെട്ടി–
ട്ടിരിപ്പൂ നനയററ പടർവാഴത്തൈ പോലെ'
(തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ)

16. 'കളമുററത്തു ചേറുന്ന പെണ്ണത്രേ ഞാൻ ദിനംപ്രതി
പതിരുണ്ണും തൻ പുകിലിൻ സങ്കൽപ്പം കാത്തുവെച്ചിടും'
(ഉണ്ണികൃഷ്ണനോട്)

വളരെ പ്രകടമായ ഇത്തരം കാർഷിക ബിംബങ്ങൾക്കു പുറമെ പരാഗ ബിംബങ്ങൾ, സസ്യപ്രകൃതിയോടു ബന്ധപ്പെട്ട ബിംബങ്ങൾ, ഉർവരതാബിംബങ്ങൾ, ഊഷരതാബിംബങ്ങൾ എന്നിങ്ങനെയുള്ള ബിംബങ്ങളും ഇടശ്ശേരിക്കവിതകളിൽ സുലഭമാണ്. ഇടശ്ശേരിക്കവിതകളിൽ പ്രത്യക്ഷപ്പെടുന്ന മാതൃബിംബങ്ങൾ ഒരു കാർഷിക സംസ്കൃതിയുടെ ചിഹ്നങ്ങളാണ്. അമ്മദൈവങ്ങൾ എപ്പോഴും കാർഷികസംസ്കാരത്തോടു ബന്ധപ്പെട്ടാണ് നിൽക്കുന്നത്. പെററമ്മ മുതൽ പ്രകൃത്യംബ വരെ മാതൃബിംബങ്ങളുടെ– ഉഗ്രസ്വരൂപിണികളും ശാന്തസ്വരൂപിണികളുമായ മാതൃബിംബങ്ങളുടെ– ഒരു നീണ്ടനിരതന്നെ ഇടശ്ശേരിക്കവിതകളിൽ ഉണ്ട്. കൂടാതെ കാർഷിക സംസ്കാരത്തോടു ബന്ധപ്പെട്ട ബലിബിംബങ്ങളും (പാൽക്കടൽ കടയുമ്പോൾ, ത്രിവിക്രമനു മുന്നിൽ, പുത്തൻകലവും അരിവാളും, പൂതപ്പാട്ട്), ഇടശ്ശേരിക്കവിതകളിൽ നിറഞ്ഞുനിൽക്കുന്നു. മഹദ്സ്മൃതികളുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന പിതൃബിംബങ്ങളും (തുഞ്ചത്തെഴുത്തച്ഛൻ, ഹനുമാൻ എന്നിങ്ങനെ) ഇടശ്ശേരിയുടെ കാർഷികസംസ്കാരത്തെയാണ് സൂചിപ്പിക്കുന്നത്. എല്ലാററിലുമുപരി കാവ്യഭാഷയിൽ ഭാഷയെ പുതുക്കാൻ ഇടശ്ശേരി ഉപയോഗിക്കുന്ന വാക്കുകളുടെ പ്രാദേശികത, സംഭാഷണാത്മകത, പഴമ, മൂർത്തത (Provincial, Colloquialism, Archaism, Concreteness) എന്നിവയും കാർഷികസംസ്കാരത്തോടു ബന്ധപ്പെട്ടാണ് നിൽക്കുന്നത് എന്നു സൂചിപ്പിക്കമാത്രം ചെയ്യുന്നു.